ചട്ടപ്രകാരമാണോ പ്രവർത്തിച്ചുവരുന്നതെന്ന് പരിശോധിക്കുകയും അപ്രകാരം അല്ല എന്ന് കണ്ടെത്തിയാൽ ലൈസൻസും ആവശ്യമായ മറ്റ് അനുമതികളും നേടിയെടുക്കാൻവേണ്ട നിർദ്ദേശങ്ങളും നൽകാറുണ്ട്. മേൽ സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായവിധത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ആയത് ലഭിക്കുന്നതുവരെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള നിർദ്ദേശം നൽകാറുണ്ട്. ജില്ലാതല കമ്മിറ്റികൾ സ്ക്രീനിംഗ് സെന്ററുകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജിലെ ഒഴിവുള്ള തസ്തികകൾ

27 (2236) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയാണ് ; ഇതിൽ നിലവിൽ ജോലി ചെയ്യുന്നവർ എത്രയെന്നും ഒഴിവുകൾ എത്രയെന്നും അറിയിക്കുമോ ;

(ബി) നിലവിൽ ഒഴിവുള്ള തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിൽ എത്ര പി. ജി. സീറ്റുകളുണ്ട് ; വിഭാഗം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തസ്തികകളുടെ വിശദാംശം താഴെ പറയുന്നു :

നിലവിലുള്ള ആകെ തസ്തികകളുടെ എണ്ണം- 1095

ആകെ നിലവിലുള്ള ഒഴിവുകൾ - 324

(ബി) നിലവിലുള്ള ഒഴിവുകൾ ടി തസ്തികയിൽ ജോലി ചെയ്തിരുന്നവർ സ്ഥലം മാറിപ്പോകുകയോ സ്ഥാനക്കയറ്റം ലഭിക്കുകയോ വിരമിക്കുകയോ ചെയ്തുമൂലമുണ്ടായവയാണ്. എൻട്രി കേഡർ തസ്തികകളിൽ പി.എസ്.സി. മുഖേനയും മറ്റ് ഒഴിവുകൾ സ്ഥാനക്കയറ്റം നൽകിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി)

Degree Courses

Clinical

Sl. No.		Total	AIO	SQ
(1)	(2)	(3)	(4)	(5)
1	M.D. Anaesthesia	2	1	1
2	M.D. Dermatology, Venereology	3	2	1
3	M.D. Emergency Medicine	0		0
4	M.D. Family Medicine	0		0
5	M.D. General Medicine	7	3	4
6	M.S. General Surgery	3	1	2
7	M.S. Obstetrics & Gynaecology	3	1	2
8	M.S. Opthalmology	1		1
9	M.S. Orthopaedics	1	1	0
10	M.S. Otorhinolaryngology	2	1	1
11	M.D. Paediatrics	4	2	2
12	M.D.Physical Medicine and Rehabilitation	0		0
13	M.D. Psychiatry	1		1
14	M.D. Radiodiagnosis	4	2	2
15	M.D. Radiotherapy	0		0
16	M.D. Respiratory Medicine	0		0
Non Clinical				
1	M.S. Anatomy	2	1	1
2	M.D. Biochemistry	0	0	

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
3	M.D. Community Medicine	2	1	1
4	M.D. Forensic Medicine	1		1
5	M.D. Microbiology	0		0
6	M.D. Pathology	2	1	1
7	M.D. Pharmacology	2	1	1
8	M.D. Physiology	2	1	1
9	M.D. Transfusion Medicine	1	1	0
	Total	43	20	23

Diploma Courses

Clinical

1	Diploma in Anaesthesia	2	1	1
2	Diploma in Child Health	2	1	1
3	Diploma in Dermatology & Venereology	0		0
4	Diploma in Obstetrics & Gynaecology	2	1	1
5	Diploma in Laryngology& Otology	1	1	0
6	D.M.R.D.	0		0
7	D.M.R.T.	0		0
8	Diploma in Opthalmology	2	1	1
9	Diploma in Orthopaedics	2	1	1
10	Diploma in Physical Medicine and Rehabilitation	0		0
11	Diploma in Psychiatric Medicine	0		0
12	D.T.C.D.	0		0

LIBRARY ARCHIVES Kerala Legislative Assembly

Non Clinical

(1)	(2)	(3)	(4)	(5)
1	Diploma in Clinical Pathology	0		0
2	Diploma in Public Health	0		0
	Total	11	6	5

ചേലക്കര മണ്ഡലത്തിലെ സാമൂഹ്യക്ഷേമ-പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ

28 (2237) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ സാമൂഹ്യക്ഷേമ കേന്ദ്രങ്ങളും പ്രാഥമികാ രോഗ്യകേന്ദ്രങ്ങളും ഏതെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ സ്ഥാപനങ്ങളിൽ ജെ. പി. എച്ച്. എൻ. ഗ്രേഡ് I ഗ്രേഡ് II ജെ. എച്ച്.ഐ ഗ്രേഡ് I ഗ്രേഡ് II എന്നിവയിൽ എത്ര തസ്തിക വീതം നിലവിലുണ്ടെന്നും നിലവിൽ എത്ര പേർ വീതം ജോലി ചെയ്യുന്നുവെന്നും എന്നുമുതൽ പ്രസ്തുതഒഴിവുകൾ നികത്തപ്പെടാതെ കിടക്കുന്നുവെന്നും പറയാമോ ;

(സി) എന്തുകൊണ്ടാണ് ദീർഘകാലമായി ഈ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കാത്തതെന്നും അതിനു കാരണക്കാർ ആരെന്നും വിശദമാക്കാമോ ;

(ഡി) ദീർഘകാലമായി ഈ മേഖലയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാതെ ആരോഗ്യ പരിപാടികളിൽ വീഴ്ച വരുത്തുന്നത് സംബന്ധിച്ച് ഗൗരവമായി അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ ;

(ഇ) നിലവിൽ ഈ തസ്തികകളിലെ ഒഴിവുകൾ നികത്താൻ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly